# കേരളസർവകലാശാല

നം.പി.ആർ.109/2022

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2022 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ. (വോക്കൽ/വീണ/വയലിൻ/മൃദംഗം/ഡാൻസ്) (റെഗുലർ – 2019 അഡ്മിഷൻ, സപ്ലിമെന്ററി – 2017 – 2018 അഡ്മിഷന്, മേഴ്സിചാൻസ് – 2014 അഡ്മിഷൻ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 8 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഒക്ടോബർ മാസം നടന്ന അഞ്ചാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ എൽ.എൽ.ബി/ബി.കോം എൽ.എൽ.ബി/ബി.ബി.എ എൽ.എൽ.ബി പരീക്ഷഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും ജൂൺ 8 വരെ അപേക്ഷിക്കാവുന്നതാണ് വിശദവിവരം വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല 2022 ജൂണിൽ ആരംഭിക്കുന്ന ഒന്ന്, മൂന്ന്, അഞ്ച്, ഏഴ്, ഒൻപത് സെമസ്റ്റർ പഞ്ചവത്സര എം.ബി.എ. (ഇന്റഗ്രേറ്റഡ്) (2015 സ്കീം) (റെഗുലർ & സപ്ലിമെന്ററി) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.കോം. (സി.ബി.സി.എസ്.), ഡിസംബർ 2021 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ.-VII (ഏഴ്)) മെയ് 31 മുതൽ ജൂൺ 2 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

### മെറിറ്റ് സ്കോളർഷിപ്പ് – സാധ്യതാ ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാല 2020 – 21 വർഷത്തിൽ വിവിധ ബിരുദ-ബിരുദാനന്തര കോഴ്സുകളിൽ സർവകലാശാല മെറിറ്റ് സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ സാധ്യതാ ലിസ്റ്റ് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏതെങ്കിലും വിധത്തിലുള്ള പരാതിയുള്ളവർ ജൂൺ 30 നകം പ്രിൻസിപ്പാൾ/വകുപ്പ് മേധാവി മുഖാന്തരം സർവകലാശാലയിൽ അറിയിക്കേണ്ടതാണ്. ജൂൺ 30 ന് ശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. സാധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ടതുകൊണ്ട് മാത്രം സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

### നിയമബിരുദ കോഴ്സുകളുടെ ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്താൻ അവസരം

കേരളസർവകലാശാലയുടെ നിയമ ബിരുദ കോഴ്സുകളുടെ എല്ലാ സെമസ്റ്ററുകളുടേയും ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിന് ത്രിവത്സര നിയമ വിദ്യാർത്ഥികൾക്കും (2018 അഡ്മിഷൻ) കൂടാതെ പഞ്ചവത്സര നിയമ വിദ്യാർത്ഥികൾക്കും (2016 അഡ്മിഷൻ) കോഴ്സ് പൂർത്തിയാക്കി ഒരു വർഷം കഴിഞ്ഞവരും, ഇന്റേണൽ മാർക്ക് പത്തിൽ കുറവുള്ളവരും അപേക്ഷിക്കാവുന്നതാണ്.

ഒരു സെമസ്റ്ററിലേക്ക് ഒരു പ്രാവശ്യം മാത്രമേ അപേക്ഷിക്കാൻ പാടുള്ളൂ. ഒരു പേപ്പറിന് 525/- രൂപ നിരക്കിൽ ഒരു സെമസ്റ്ററിന് പരമാവധി 2100/- രൂപ അടയ്ക്കേണ്ടതാണ്. ഇതിൽ 105/- രൂപ സർവകലാശാല ഫണ്ടിൽ (KUF) അടയ്ക്കേണ്ടതാണ്. ഇന്റേണൽ മാർക്ക് മെച്ചപ്പെടുത്തുന്നതിനുള്ള നിശ്ചിത അപേക്ഷാ ഫോം പ്രിൻസിപ്പാളിന്റെ അനുമതിയോടുകൂടി 2022 ജൂൺ 10 നോ അതിനു മുൻപോ സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫോറവും വിശദവിവരങ്ങളും സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

തിരുവനന്തപുരം,
30.05.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**